പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2342
23-03-2012 - ൽ മറുപടിയ്ക്ക്

## അനധികൃത മണൽ ഖനനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശശി. | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) മേനംകുളത്തെ ടെലികോം സിറ്റിയുടെ മറവിൽ സിഡ്കോ അനധികൃത മണൽ ഖനനം നടത്തുന്നുവെന്ന പരാതി കഠിനംകുളം ഗ്രാമപഞ്ചായത്തിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിലെ ഉള്ളടക്കമെന്താണ്; പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (ബി) **പരാതിയിലെ ഉള്ളടക്കത്തിന്റെ ചുരുക്കം താഴെ ചേർക്കുന്നു.** കഠിനംകുളം ഗ്രാമ പഞ്ചായത്തിലെ വിളയിൽക്കുളം വാർഡിൽ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഭൂവികസന പെർമിറ്റുകൂടാതെയും പരിസ്ഥിതിയ്ക്ക് വൻ കോട്ടം തട്ടുന്ന രീതിയിലും അനധികൃതമായി നടന്നുവരുന്ന കരമണൽ ഖനനം അടിയന്തിരമായി നിർത്തി വയ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നതാണ് പരാതിയിലെ ഉള്ളടക്കം.<br><br>**പരാതി പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരങ്ങൾ താഴെചേർക്കുന്നു.**<br>തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസറുടെ നേരിട്ടുള്ള ഉത്തരവ് (20-12-2011-ലെ സി-29312/10(2) നമ്പർ കത്ത്) പ്രകാരം മേനംകുളം വില്ലേജിൽ സിഡ്കോയുടെ അധീനതയിൽപ്പെട്ട വസ്തുവിൽനിന്നും മണൽ നീക്കംചെയ്യുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും നിർത്തിവയ്പ്പിക്കുകയും കരാറുകാരന് Stop Memo നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ